# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2739

27/01/2014 - ൽ മറുപടിക്ക്

### ഉൾനാടൻ ജലഗതാഗത വികസന പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ. കെ. സുരേഷ് കുറുപ്പ്:

(എ) ഉൾനാടൻ ജലഗതാഗത വികസനത്തിന്റെ ഭാഗമായി കഠിനംകുളം അഞ്ചുതെങ്ങ് ഭാഗം ഉൾപ്പെടുന്ന ടി.എസ്.കനാൽ, വർക്കല തുരപ്പ്, കൊല്ലംതോട് എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ ബഡ്ജറ്റിൽ എന്തു തുകയാണ് ഉൾപ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ഈ ഇനത്തിൽ ചെലവഴിച്ച തുക എത്രയെന്നും ഏതെല്ലാം പ്രവർത്തികൾക്കെന്നും വ്യക്തമാക്കുമോ?

**ഉത്തരം**

ശ്രീ. പി.ജെ.ജോസഫ്
(ബഹു: ജലവിഭവ വകുപ്പ് മന്ത്രി)

(എ) ഉൾനാടൻ ജലഗതാഗത വികസനത്തിന്റെ ഭാഗമായി കഠിനംകുളം, അഞ്ചുതെങ്ങ് ഭാഗം ഉൾപ്പെടുന്ന ടി.എസ്.കനാൽ, വർക്കല തുരപ്പ്, കൊല്ലം തോട് എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിരു ന്നില്ല.

(ബി) കഴിഞ്ഞ സാമ്പത്തികവർഷം ഈ ഇനത്തിൽ 17,90,955/- രൂപ ചെലവഴിച്ചു. ധനപുനർവിനിയോഗം വഴി ലഭിച്ച തുകയാണ് ചെലവഴിച്ചത്. പ്രസ്തുത പ്രവൃത്തികളുടെ വിശദവിവരങ്ങൾ ചുവടെ പറയുന്നു.

| | പ്രവൃത്തിയുടെ പേര് | ചെലവ് (രൂപ) |
|---|---|---|
| 1 | അഞ്ചുതെങ്ങ് കായൽ മുതൽ കഠിനംകുളം കായൽ വരെ മെയിൻ കനാലിന്റ ജലപാതാ വികസനം-റീച്ച് II കടകം റോഡ് മുതൽ വടക്കേ അറയത്തുരുത്ത് വരെ ചെയിനേജ് 35.23 മുതൽ 36.56 കി.മീ വരെ. | 80,19,486/- |
| 2. | അഞ്ചുതെങ്ങ് കായൽ മുതൽ കഠിനംകുളം കായൽ വരെ മെയിൻ കനാലിന്റെ ജല പാതാവികസനം- റീച്ച്-I- കഠിനംകുളം കായൽ മുതൽ | 84,58,615/- |

| | | |
|---|---|---|
| | കടകം റോഡ് വരെ ചെയിനേജ് 33.63 മുതൽ 35.23 കി.മീ വരെ. | |
| 3. | ഇരവിപുരം കായൽ മുതൽ അഷ്ടമുടി കായൽ വരെ ടി. എസ്.കനാലിന്റെ വികസനം-ചെയിനേജ് 66.32 മുതൽ 74.18 കി.മീ. വരെ-പാർട്ട്-2-പള്ളിത്തോട്ടം മുതൽ മുണ്ടയ്ക്കൽ വരെ വേലി നിർമ്മാണവും ആഴം കൂട്ടലും. | 3,20,563/- |
| 4. | ഇരവിപുരം കായൽ മുതൽ അഷ്ടമുടി കായൽ വരെ ടി. എസ്.കനാലിന്റെ വികസനം-ചെയിനേജ് 66.32 മുതൽ 74.18 കി.മീ. വരെ-പാർട്ട് 1-അഷ്ടമുടി കായൽ മുതൽ പള്ളിത്തോട്ടം വരെ വേലി നിർമ്മാണവും ആഴം കൂട്ടലും. | 11,07,291/- |

സെക്ഷൻ ഓഫീസർ